REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 26-12-2024 **സമയം** 12.30 pm

---

## പ്രധാന വാർത്തകൾ

- **മലയാള സാഹിത്യത്തിന്റെ സുകൃതമായ MT വാസുദേവൻ നായർക്ക് സാഹിത്യനഗരത്തിന്റെ അന്ത്യാഞ്ജലി.**
- **MT യുടെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും അനുശോചിച്ചു.**
- **പ്രധാൻമന്ത്രി രാഷ്ട്രീയ ബാല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദിമുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു.**
- **ശബരിമലയിൽ മണ്ഡലപൂജ പൂർത്തിയായി.**
- **മെൽബൺ ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയ മികച്ച സ്കോറിലേക്ക്.**

## വാർത്തകൾ വിശദമായി

**മലയാള സാഹിത്യത്തിന്റെ സുകൃതമായ MT വാസുദേവൻ നായർക്ക് സാഹിത്യനഗരത്തിന്റെ അന്ത്യാഞ്ജലി. പൊതുദർശനം ഇല്ലെങ്കിലും കോഴിക്കോട് നടക്കാവിലെ കൊട്ടാരം റോഡിലെ സിതാര എന്ന MT യുടെ വസതിയിലേക്ക് ആയിരങ്ങളാണ് എത്തിക്കൊണ്ടിരിക്കുന്നത്. സാമൂഹ്യ - സാംസ്കാരിക - രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖരും, വായനയുടെയും സിനിമയുടെയും വഴികളിലൂടെ MT യെ അറിഞ്ഞ സാധാരണക്കാരും, അദ്ദേഹത്തിന് അന്ത്യാഞ്ജലിയർപ്പിക്കാൻ ഇപ്പോഴും എത്തുന്നുണ്ട്.**

**പൊതുദർശനമോ, ഔപചാരികതകളോ ഉണ്ടാകരുതെന്ന് MT നേരത്തെ ആവശ്യപ്പെട്ടിരുന്നെങ്കിലും അന്തിമോപചാര മർപ്പിക്കാൻ ഒരൊറ്റ മനസ്സുമായി ആൾക്കൂട്ടം സ്വയം മുന്നോട്ടുവരികയായിരുന്നു. MT യുടെ സംസ്കാരം**

വൈകിട്ട് മാവൂർറോഡിലെ സ്മൃതിപഥം ശ്മശാനത്തിൽ ഔദ്യോഗിക ബഹുമതികളോടെ നടത്തും.

✪✪✪

ഹൃദയസ്തംഭനത്തെ തുടർന്ന് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലിരിക്കെ ഇന്നലെ രാത്രി പത്തുമണിയോടെ ആയിരുന്നു 91 കാരനായ MT യുടെ അന്ത്യം. ഈ മാസം 16ന് പുലർച്ചെ ശ്വാസതടസത്തെ തുടർന്നാണ് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

മലയാള സാഹിത്യത്തിൽ കാലത്തിന് പകരം വെക്കാൻ കഴിയാത്ത രണ്ടക്ഷരങ്ങളാണ് MT. ഒരു കാലഘട്ടത്തിന്റേയും തറവാടുകളുടെ ജീർണതയുടെയും ആഖ്യാനങ്ങളാണ് MT-യുടെ ആദ്യകാല രചനകൾ.

1933 ജൂലായ് 15ന് കൂടല്ലൂരിൽ T.നാരായണൻ നായരുടേയും അമ്മാളുഅമ്മയുടേയും മകനായി ജനിച്ച മാടത്ത് തെക്കേപ്പൊട്ട് വാസുദേവൻ നായർ എന്ന MT, പാലക്കാട് വിക്ടോറിയ കോളേജിൽ നിന്ന് 1951-ൽ BSC കെമിസ്ട്രി ബിരുദം നേടി. അധ്യാപകൻ ഗ്രാമസേവകൻ, മാതൃഭൂമി ആഴ്ചപതിപ്പ് പത്രാധിപർ, കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സിനിമാസംവിധായകൻ എന്നീ നിലകളിൽ പ്രശസ്തനായി.

മലയാളത്തിലെ തിരഭാഷയുടെ സൗന്ദര്യ സങ്കൽപ്പങ്ങളുടെ വേറിട്ട വഴി അടയാളപ്പെടുത്തിയതും MT ആണ്. 54ൽ അധികം സിനിമകൾക്ക് തിരക്കഥ എഴുതി. ഏഴ് സിനിമകൾ സംവിധാനവും ചെയ്തു.

✪✪✪

MT വാസുദേവൻ നായരുടെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമ്മുവും, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും അനുശോചിച്ചു. MT യുടെ വിയോഗത്തോടെ സാഹിത്യലോകം ദരിദ്രമായെന്ന് രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. കുടുംബാംഗങ്ങളെയും വായനക്കാരെയും ആരാധകരെയും അവർ അനുശോചനം അറിയിച്ചു.

MT സാംസ്കാരിക മേഖലയ്ക്കു നൽകിയ സംഭാവനകൾ തലമുറകളിലൂടെ പ്രതിധ്വനിക്കുന്നതായി ഉപരാഷ്ട്രപതി പറഞ്ഞു.

മലയാള സാഹിത്യത്തിലും സിനിമയിലും ഏറ്റവും ആദരിക്കപ്പെടുന്ന വ്യക്തികളിൽ ഒരാളായിരുന്നു MT യെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു. നിശബ്ദർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും അദ്ദേഹം ശബ്ദം നൽകിയെന്ന് പ്രധാനമന്ത്രി വിലയിരുത്തി.

MT യുടെ വേർപാട് സാഹിത്യത്തിലും സിനിമയിലും നികത്താനാവാത്ത ശൂന്യതയാണ് അവശേഷിപ്പിക്കുന്നതെന്ന് രാഹുൽ ഗാന്ധി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

✪✪✪

MT-യുടെ നിര്യാണത്തിൽ സ്പീക്കർ A.N.ഷംസീർ അനുശോചിച്ചു. ഒരു ഇതിഹാസ കഥ പോലെ MT അനശ്വരനായിരിക്കുമെന്ന് സ്പീക്കർ അനുശോചന സന്ദേശ ത്തിൽ പറഞ്ഞു.

മന്ത്രിമാരായ M.B.രാജേഷ്, ഡോ.R.ബിന്ദു, വീണാ ജോർജ്, A.K.ശശീന്ദ്രൻ,V.അബ്ദുറഹ്മാൻ, MP-മാരായ K.സുധാകരൻ , KC വേണുഗോപാൽ, ഷാഫി പറമ്പിൽ, M K രാഘവൻ, E.T.മുഹമ്മദ് ബഷീർ, പ്രതിപക്ഷ നേതാവ് വിഡി സതീശൻ, BJP സംസ്ഥാന പ്രസിഡന്റ് K.സുരേന്ദ്രൻ, മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല, UDF കൺവീനർ M.M.ഹസൻ, മുസ്ലീംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിക്കലി ശിഹാബ് തങ്ങൾ എന്നിവരടക്കം പ്രമുഖർ അനുശോചനം അറിയിച്ചു.

✪✪✪

MT വാസുദേവൻ നായരുടെ ഭൗതികദേഹത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അന്ത്യോപചാരമർപ്പിച്ചു. രാവിലെ 10.45 ഓടെ കോഴിക്കോട് കൊട്ടാരം റോഡിലെ സിതാരയിലെത്തിയ മുഖ്യമന്ത്രി MT യുടെ കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു.

ഗോവ ഗവർണർ P.S ശ്രീധരൻ പിള്ള, സ്പീക്കർ AN ഷംസീർ, മന്ത്രിമാരായ, PA മുഹമ്മദ് റിയാസ്, K കൃഷ്ണൻകുട്ടി, സജി ചെറിയാൻ, A K ശശീന്ദ്രൻ, V അബ്ദുറഹിമാൻ, MP അബ്ദുസമ്മദ് സമദാനി MP, CPIM സംസ്ഥാന സെക്രട്ടറി M V ഗോവിന്ദൻ , കേന്ദ്ര കമ്മിറ്റി അംഗം E.P.ജയരാജൻ, മുസ്ലീംലീഗ് നേതാവ് PK കുഞ്ഞാലിക്കുട്ടി, LDF കൺവീനർ TP രാമകൃഷ്ണൻ, ജില്ലാ കലക്ടർ സ്നേഹിൽ കുമാർസിംഗ്, നടൻ മോഹൻലാൽ, സംവിധായകരായ ഹരിഹരൻ, T.K.രാജീവ്കുമാർ, തിരക്കഥാകൃത്ത് ആര്യാടൻ ഷൗക്കത്ത്, എഴുത്തുകാരി സാറാജോസഫ് തുടങ്ങിയവർ അന്ത്യാഞ്ജലി അർപ്പിച്ചു.

✪✪✪

മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ MT-യുടെ വിയോഗത്തിൽ സംസ്ഥാന ഗവൺമെന്റ് ഇന്നും നാളെയും ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. ഇന്ന് ചേരാനിരുന്ന മന്ത്രിസഭായോഗം ഉൾപ്പെടെ എല്ലാ ഗവൺമെന്റ് പരിപാടികളും മാറ്റിവെക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകി.

✪✪✪

എം.ടി.യുമായി 1950 മുതലേ പരിചയമാണെന്നും സമ്മിശ്രമായ ധാരാളം അനുഭവങ്ങളുണ്ടെന്നും കഥാകൃത്ത് T.പത്മനാഭൻ കണ്ണൂരിൽ അനുസ്മരിച്ചു. കോഴിക്കോട്ട് പോയി MT യെ കാണാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ അന്ത്യം ഇത്ര വേഗം വരുമെന്ന് വിചാരിച്ചില്ലെന്നും പത്മനാഭൻ പറഞ്ഞു.

✪✪✪

സാഹിത്യ സിനിമാ സാംസ്കാരിക മേഖലയെ ഏഴ് പതിറ്റാണ്ടിലധികം നയിച്ച മഹാപ്രതിഭയുടെ നഷ്ടമാണ് MT യുടെ വിയോഗത്തോടെ കൈരളിക്കുണ്ടായത്....

......ഒരു റിപ്പോർട്ട്........

✪✪✪

സാഹിത്യത്തോടൊപ്പം പാരിസ്ഥിതിക പ്രശ്നങ്ങളെ അടിസ്ഥാനമാക്കി ഉയർന്നുവന്ന പ്രക്ഷോഭങ്ങളുടെ മുന്നിലും MT ഉണ്ടായിരുന്നു. വ്യത്യസ്ത ജനവിഭാഗങ്ങൾ അനുഭവിക്കുന്ന അവശത തിരിച്ചറിഞ്ഞ് അവരുമായി ചേർന്നു നിന്ന അദ്ദേഹത്തിന്റെ ഇടപെടലുകളെക്കുറിച്ച് എഴുത്തുകാരൻ പ്രഫ. M.A .റഹ്മാൻ.

...... വോയിസ് ............................

✪✪✪

പ്രധാൻമന്ത്രി രാഷ്ട്രീയ ബാല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദിമുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു. ഏഴ് വിഭാഗങ്ങളിലായി അസാധാരണ നേട്ടങ്ങൾ കൈവരിച്ച 17 കുട്ടികളാണ് ഈ വർഷം പ്രധാനമന്ത്രിയുടെ ബാല പുരസ്കാരത്തിന് അർഹരായത്. കുട്ടികളിലെ സവിശേഷ സിദ്ധികൾ അംഗീകരിക്കുകയും അവർക്ക് അവസരങ്ങൾ ഒരുക്കി നൽകുകയും ചെയ്യുന്നത് രാജ്യത്തിന്റെ പാരമ്പര്യമാണെന്ന് പുരസ്കാരദാന വേളയിൽ രാഷ്ട്രപതി പറഞ്ഞു. ആ രീതി ഇനിയും കൂടുതൽ ശക്തമാക്കണം. 2047 ൽ നൂറാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ ഇപ്പോൾ പുരസ്കാരം നേടിയവർ രാജ്യത്തെ ഉന്നതസ്ഥാനീയരായ പൗരൻമാരായിരിക്കുമെന്നും രാഷ്ട്രപതി പറഞ്ഞു. അവാർഡ് നേടിയ കുട്ടികളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി രാഷ്ട്രപതി ഭവനിൽ സംവദിക്കുകയും ചെയ്തു.

✪✪✪

മെൽബണിൽ ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ- ഗാവസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയ മെച്ചപ്പെട്ട സ്കോറിൽ. ഒന്നാം ദിവസത്തെ കളി അവസാനിക്കുമ്പോൾ ഓസ്ട്രേലിയ 6 വിക്കറ്റ് നഷ്ടത്തിൽ 311 റൺസ് എടുത്തിട്ടുണ്ട്.

✪✪✪

സന്നിധാനത്ത് മണ്ഡലകാലതീർഥാടനത്തിനു സമാപനം കുറിച്ച് മണ്ഡലപൂജ നടന്നു. ഇന്നു രാത്രി 10 നു നട അടയ്ക്കുന്നതോടെ 41 ദിവസത്തെ

**മണ്ഡലകാലത്തിനു സമാപനമാകും. മകരവിളക്ക് മഹോത്സവത്തിനായി ഈ മാസം 30നു നടതുറക്കും.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി S ശ്രീധർ.**

**......(വോയ്സ്).........**

**✪✪✪**

**ഇന്ത്യയുടെ മുൻനിര ഫാസ്റ്റ് ബൗളർ ജസ്പ്രീത് ബുംറ ICC പുരുഷ ടെസ്റ്റ് ബൗളിംഗ് റാങ്കിംഗിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. അദ്ദേഹം 904 റേറ്റിംഗ് പോയിന്റിലെത്തി.**

**✪✪✪**

**ലോകത്തെ നടുക്കിയ സുനാമി ദുരന്തത്തിന് ഇന്നേക്ക് രണ്ട്പതിറ്റാണ്ട് പൂർത്തിയാകുന്നു. 2004 ഡിസംബർ 26-ന് ഉച്ചയോടെ ആഞ്ഞടിച്ച സുനാമി തിരമാലകൾ തകർത്ത കൊല്ലം ആലപ്പാട് കടൽത്തീരത്ത് ഇന്ന് അനുസ്മരണ പരിപാടികൾ സംഘടിപ്പിച്ചു.**

**✪✪✪**

---

*News Editor/Casual News Editor :- Suresh V.K, P. Chandrababu*

*Casual News Reader Translator :- Sharanya Rajan*

*News Team : - Anil Chandran, V.K Suresh, P. Chandrababu, Sharanya Rajan*

*Broadcast Assistant :- Nil*

*DEO:- Sheeba*